LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യബന്ധന തുറമുഖത്തെ തൊഴിൽ ലഭ്യത

97 [284] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. അച്ചുതൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. പി. ജെ. ജോയി:

„ വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മത്സ്യബന്ധന തുറമുഖത്ത് എത്ര പേർക്ക് പ്രതിദിനം തൊഴിൽ ലഭിക്കും;

(ബി) മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട് എത്ര അനുബന്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കും;

(സി) തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്ത് എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതുമായി ബന്ധപ്പെട്ട് എത്ര തൊഴിൽ ദിനങ്ങളുണ്ടാകും എന്നാണ് സർക്കാർ കണക്കാക്കുന്നത്?

### ഉത്തരം

(എ) ഓരോ മത്സ്യബന്ധന തുറമുഖത്തേയും മത്സ്യബന്ധനയാനങ്ങളുടേയും വള്ളങ്ങളുടേയും എണ്ണമനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. ശരാശരി 4,200 പേർക്ക് പ്രതിദിനം തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കുന്നു.

(ബി) യാനങ്ങളിലും വള്ളങ്ങളിലുമായി ലഭ്യമാകുന്ന തൊഴിൽ ദിനങ്ങളുടെ ഏകദേശം അഞ്ചിരട്ടി തൊഴിൽ ദിനങ്ങൾ അനുബന്ധമേഖലകളിലൂടെ ലഭ്യമാകുമെന്ന് കണക്കാക്കുന്നു.

(സി) 410 മീറ്റർ, 120 മീറ്റർ വീതം നീളമുള്ള രണ്ടു പുലിമുട്ടുകൾ, 60 മീറ്റർ നീളമുള്ള വാർഫ്, ലേലഹാൾ, അനുബന്ധ റോഡ്, ജല-വൈദ്യുത സൗകര്യങ്ങൾ മുതലായ പ്രവൃത്തികളാണ് ഏർപ്പാടാക്കുന്നത്.

(ഡി) തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തോടുകൂടി മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർഷത്തിൽ 280 ആയി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു.